**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1597** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മാനവേദൻ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** പതിനേഴ് കോടി രൂപ മുടക്കി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മിച്ച സ്റ്റേഡിയവും പവലിയനും കരാർ വ്യവസ്ഥ പ്രകാരമുള്ള കമ്മിറ്റിക്ക് ഇതുവരേയ്ക്കും കൈമാറി നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനാൽ സ്റ്റേഡിയവും പവലിയനും എത്രയും പെട്ടെന്ന് കമ്മിറ്റിക്ക് കൈമാറി നൽകുവാനും ശേഷിക്കുന്ന പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ മാനവേദൻ മിനിസ്റ്റേഡിയം നിർമ്മാണത്തിന് 17.26 കോടി രൂപയ്ക്ക് തത്വത്തിലുള്ള സർക്കാർ ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽ നിന്നും 18.30 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. M/s. കിറ്റ്കോയെയാണ് പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി) ചുമതലപ്പെടുത്തിയിരുന്നത്. 400 മീറ്റർ 6 ലൈൻ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ട്, പവിലിയൻ, നീന്തൽക്കുളം, ഇൻഡോർ ട്രെയിനിംഗ് സെന്റർ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നീ ഘടകങ്ങൾ ആദ്യഘട്ടം എന്ന നിലയ്ക്ക് 2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. 14.10.2022 ലെ സർക്കാർ ഉത്തരവ് നം. 267/2022/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് പരിശോധന നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**